**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2013-14 കാലയളവിൽ നടപ്പാക്കിയ ഗ്രാമീണ റോഡുകളുടെ നവീകരണം -പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 9.65 കോടി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു-

================================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1823 /2017/തസ്വഭവ തിരുവനന്തപുരം, തീയതി, 02 .06. 2017

================================================================

പരാമർശം:- 1) 16/11/13 ലെ സ.ഉ (എം.എസ്)നം.362/2013 /തസ്വഭവ

2) വികേന്ദ്രീകൃത ആസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/09/2016 ലെ 3.34 നം തീരുമാനം.

3) കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച തിയതി വയ്ക്കാത്ത കത്തും, അനുബന്ധ രേഖകളും

4) കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 3.10.2016-ലെ പി2/3961/14 നം കത്തും, അനുബന്ധ രേഖകളും.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2013-14 വർഷം നടപ്പാക്കിയ പദ്ധതിയിലൂടെ ജില്ലയിലെ ഗ്രാമീണ മേഖലയിൽ വളരെ ശോചനീയാവസ്ഥയിലുള്ള റോഡുകൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നവീകരിച്ചുവെന്നും, ഗ്രാമീണ റോഡുകളുടെ നവീകരണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നടപടി ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശത്തിനിടയായതായും, പ്രസ്തുത പ്രവൃത്തിക്ക് ചെലവായ തുകയായ 9.65 കോടി രൂപയുടെ ബാധ്യത ടി ജില്ലാ പഞ്ചായത്തംഗങ്ങൾ, പ്രസിഡന്റ്, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും, ഈടാക്കുവാൻ ലോക്കൽ ഫണ്ട് ശിപാർശ ചെയ്തിരുന്നുവെന്നും, പ്രസ്തുത നടപടി പുനപ്പരിശോധിച്ച് ലോക്കൽ ഫണ്ട് പരാമർശം ഒഴിവാക്കണമെന്നും ടി തുകയുടെ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്നുമാവശ്യപ്പെട്ട് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൻമേൽ പരാമർശം (4) പ്രകാരം ബന്ധപ്പെട്ട രേഖകൾ സഹിതം കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ടി തുകയുടെ ചെലവ് സാധൂകരിക്കണമെന്നാവശ്യപ്പെട്ടിരുന്നു.

2) കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടാത്തതും, എന്നാൽ ടി ജില്ലാ പഞ്ചായത്ത് പരിധിയിലുള്ളതുമായ 109 ഗ്രാ മീണ റോഡുകളാണ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അനുമതിയോടെ ജില്ലാ പഞ്ചായത്ത് നവീകരിച്ചത്. ജില്ലാ പഞ്ചായത്തിന്റെ ആസ്തികളുടെ പരിധിയിൽ വരാത്ത ഗ്രാമീണ റോഡുകളുടെ നവീകരണം ജില്ലാ പഞ്ചായത്ത് സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിച്ചു എന്നതാണ് പ്രസ്തുത റോഡ് നവീകരണ പ്രവൃത്തികൾ ഓഡിറ്റ് പരാമർശത്തിന് വിധേയമായത്. ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ നവീകരണം പൂർത്തീകരിച്ച ശേഷം മിച്ച ഫണ്ടുള്ള സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ളതും, ജില്ലാ പഞ്ചായത്ത് പരിധിയിലുള്ളതുമായ റോഡുകൾ നവീകരിക്കുവാനുള്ള പദ്ധതികൾ വ്യവസ്ഥകൾക്ക് വിധേയമായി ഏറ്റെടുത്തു നടപ്പാക്കാൻ പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ

പഞ്ചായത്തുകൾക്ക് അനുമതി നല്കിയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുള്ളതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്നതും ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ളതുമായ ശോചനീയാവസ്ഥയിലുള്ള റോഡുകൾ നവീകരിച്ച നിർമ്മാണ പ്രവൃത്തി പൊതുജനോപകാരപ്രദമായയിരുന്നു എന്നത് പരിഗണിച്ചും, ടി പ്രവൃത്തി ഏറ്റെടുക്കാനുണ്ടായ സാഹചര്യം കണക്കിലെടുത്തും, ജില്ലാ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ നവീകരണം പൂർത്തീകരിച്ച ശേഷം ജില്ലാ പഞ്ചായത്തിന് അധികം ഫണ്ടുള്ള സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ നവീകരിക്കുവാനുള്ള പ്രവൃത്തി ജില്ലാ പഞ്ചായത്തിന് നടപ്പാക്കാം എന്ന വ്യവസ്ഥ നിലനില്ക്കുന്നതിനാലും, കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2013-14 വർഷം നടപ്പാക്കിയ ഗ്രാമീണ റോഡുകളുടെ നവീകരണ പ്രവർത്തിക്കായി സംരക്ഷണ ഗ്രാന്റിൽ നിന്നും, 9.65 കോടി രൂപ (ഒൻപത് കോടി 65 ലക്ഷം രൂപ മാത്രം) ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.കെ ബേബി**
**ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
സെക്രട്ടറി , കോഴിക്കോട് ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള ( ആഡിറ്റ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള( ജി& എസ്.എസ്.എ)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻകേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്,തിരുവനന്തപുരം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ്& ന്യൂ മീഡിയ, സൗത്ത് ബ്ളോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ